LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണിനെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രിവിലേജ് കാർഡ് എന്നൊരു സിസ്റ്റം ഇൻട്രോഡ്യൂസ് ചെയ്തിട്ടുണ്ടോ; പ്രിവിലേജ് കാർഡ് തയ്യാറാക്കുന്ന മാനദണ്ഡം എന്താണെന്നും അതുവഴി ഉപഭോക്താവിന് കിട്ടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, 1-2-2006 മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു പ്രിവിലേജ് കാർഡ് വിതരണം ചെയ്യാൻ തീരുമാനിച്ചു. ആ പ്രവിലേജ് കാർഡിന് അർഹതപ്പെട്ട ആളുകളെന്ന് പറയുന്നത്, കേരളത്തിലെ ബി. പി. എൽ. ലിസ്റ്റിൽ പെട്ടവരാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ അംഗങ്ങൾക്കും സൗജന്യമായി പ്രിവിലേജ് കാർഡ് നൽകുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. അപേക്ഷകൾ നൽകുന്ന മുറയ്ക്ക് അവർക്ക് കാർഡുകൾ വിതരണം ചെയ്യുന്നതാണ്. ഇതിന്റെ ആനുകൂല്യങ്ങൾ എന്നുപറയുന്നത് ഒരു ലക്ഷം രൂപവരെ ഇൻഷ്വറൻസ് പ്രീമിയം നൽകുന്നുണ്ട്. അതുപോലെതന്നെ ബാങ്ക് വായ്പപോലുള്ള ആനുകൂല്യങ്ങളും ലഭിക്കും, എട്ടര ശതമാനം പലിശയ്ക്ക് പ്രിവിലേജ് കാർഡ് കൈവശമുള്ള ആളുകൾക്ക് ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതാണ്.

സാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് 50% മെറിറ്റ് സീറ്റ് ഉറപ്പാക്കാൻ നടപടി

2 [*41] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, മഞ്ഞളാംകുഴിഅലി:

,, പി. സി. ജോർജ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് പാസ്സാക്കിയ പുതിയ സാശ്രയ സംവരണ ബില്ലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ നിയമം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ ഈ വർഷത്തെ പ്രൊഫഷണൽ കോഴ്സ് പ്രവേശന നടപടികൾ ആരംഭിക്കുന്നതിനുമുൻപ് പുതിയ നിയമം നിലവിൽ വരുമോ;

(ബി) കോടതി വിധികളുടെയും പുതിയ [illegible] നിയമത്തിന്റെയും അടിസ്ഥാനത്തിൽ സാശ്രയ കോളേജുകളിൽ 50% മെറിറ്റ് സീറ്റ് എന്ന നിലവിലുള്ള വ്യവസ്ഥ ഈ വർഷവും തുടരാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ;

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് പൂർണ്ണമായ അവകാശം മാനേജുമെന്റുകൾക്ക് നൽകിക്കൊണ്ടുള്ള സുപ്രീംകോടതി വിധി യുടെ അടിസ്ഥാനത്തിൽ 50% മെറിറ്റ് സീറ്റ് എന്ന വ്യവസ്ഥ സംരക്ഷിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഈ കാര്യം പരിഗണനയിലുണ്ട്.

(ബി) യും, (സി) യും, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഏഴംഗ ബഞ്ചിന്റെ 12-8-2005-ലെ ഉത്തരവ് പ്രകാരം പ്രൊഫഷണൽ കോളേജുകളിൽ പ്രവേശ നത്തിന് കാട്ട നിശ്ചയിക്കുന്നതിനോ സംവരണ തത്വങ്ങൾ ബാധകമാക്കുന്നതിനോ ആകില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2004-ൽ കേരള നിയമസഭ പാസ്സാക്കിയ നിയമം അസാധുവായതായി സുപ്രീം കോടതി പറഞ്ഞിട്ടില്ല. ഈ കേസുകൾ ഇപ്പോഴും സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഈ കേസുകളിൽ തീരുമാനമാകുന്നമുറയ്ക്ക് പുതിയ നിയമം വേണമോ അതല്ലെങ്കിൽ നിലവിലുള്ള നിയമത്തിന്റെ ഭേദഗതി മതിയാകുമോ എന്ന് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. പാർലമെന്റ് പാസ്സാക്കിയ ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാവർക്കും ഇതിന്റെ ആനുകൂല്യങ്ങൾ ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെറിറ്റ് പ്രവേശന പ്രശ്നത്തിൽ സുപ്രീം കോടതി വിധിയുടെയും ഭരണഘടനാ ഭേദഗതിയുടെയും പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന് ഉടനെ ഇനി എന്തു ചെയ്യാൻ കഴിയുമെന്ന് വല്ല നിയമോപദേശവും കിട്ടിയിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ യഥാർത്ഥത്തിൽ ഇക്കഴിഞ്ഞ വർഷം ഈ സുപ്രീം കോടതി വിധി യുടെ അടിസ്ഥാനത്തിൽ മെറിറ്റ് സീറ്റ് എത്ര നഷ്ടപ്പെട്ടു എന്നുള്ളത് ഗവൺമെന്റ് വ്യക്തമാക്കേണ്ടതാണ്. ഈ പ്രശ്നം പരിഹരിക്കാൻ ഈ സഭാ സമ്മേളനത്തിൽതന്നെ നിയമം പാസ്സാക്കുമെന്ന് ഉറപ്പുവരുത്തുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഇത് വളരെ സങ്കീർണ്ണമായ ഒരു നിയമ പ്രശ്നമാണ്. ശ്രീ. ടി. പി. രാമകൃഷ്ണൻ ചോദിച്ചതുപോലെ ഇതിന്റെ നിയമവശങ്ങൾ എന്താണെന്ന് സുപ്രീം കോടതിയിൽ കേസ് നടത്തിയ പ്രമുഖ അഭിഭാഷകനായ ശ്രീ. വേണു ഗോപാലുമായി ചർച്ച ചെയ്യുകയുണ്ടായി. ഞാൻ തന്നെ സംസാരിച്ചു. അദ്ദേഹത്തിന്റെ ലീഗൽ ഒപ്പീനിയൻ ഫയലിലുണ്ട്. അദ്ദേഹം പറയുന്ന ഒരു കാര്യം കേരള നിയമസഭ പാസ്സാക്കിയ നിയമം ദുർബലപ്പെട്ടു പോയിട്ടില്ല; പക്ഷെ അത് നിയമമാക്കി മുന്നോട്ട് കൊണ്ടുപോകാൻ ഇപ്പോൾ കഴിയില്ല; ഓപ്പറേറ്റീവ് പാർട്ട് ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. നിയമം ദുർബലപ്പെട്ടു പോയിട്ടില്ല. ഇവിടെ പാസ്സാക്കിയ നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ മാനേജ്മെന്റ് അടക്കം കൊടുത്ത കേസ്, ജനുവരി അവസാനത്തിലോ ഫെബ്രുവരിയിലോ സുപ്രീം കോടതി മുമ്പാകെ പരിഗണനയ്ക്ക് വരുമെന്നാണ് നിയമോപദേശം കിട്ടിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ കുറച്ചു കൂടി ആലോചിക്കേണ്ടിയിരിക്കുന്നു. സുപ്രീം കോടതി നമ്മുടെ കേസ് ചോദ്യം ചെയ്ത് നിലനിൽക്കുന്ന സമയത്ത് മറ്റൊരു നിയമനിർമ്മാണം പെട്ടെന്ന് ആകാൻ പറ്റുമോ എന്നുള്ള കാര്യത്തിൽ വിശദമായ പഠനം ആവശ്യമാണ്. അല്ലാതെ ധൃതി പിടിച്ച് എന്തെങ്കിലും ചെയ്താൽ അത് ഗുണത്തെക്കാളേറെ ദോഷമാകും. അതുകൊണ്ട് ഇക്കാര്യം കാബിനറ്റ് തന്നെ ചർച്ച ചെയ്ത് കാബിനറ്റ് ഒരു സബ് കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. ഈ കാര്യം പരിശോധിച്ചു വരികയാണ്: ഒരു കാര്യം വ്യക്തമാണ്. നമുക്ക് ഒരു നിയമനിർമ്മാണം ആവാം. പക്ഷെ നിയമ നിർമ്മാണം എപ്പോൾ എന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ്. അത്, ഇക്കാര്യം വ്യക്തമായതിനു ശേഷമേ ചെയ്യാനൊക്കൂ.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വിവിധ സ്വാശ്രയ മാനേജ്മെൻറുകൾ ന്യൂന പക്ഷ പദവി ലഭിക്കാൻ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നത് കുറ്റിപ്പുറം എം. ഇ. എസ്. എൻജിനീയറിംഗ് കേളേജിന് മാത്രമാണ് ഇപ്പോൾ സ്വാശ്രയ ന്യൂനപക്ഷ പദവിയുള്ളത് എന്നാണ്. നിലവിലുള്ള സ്വാശ്രയ കോളേജുകൾക്ക് സർക്കാർ ന്യൂനപക്ഷ പദവി നൽകുകയോ കോടതിവഴി മാനേജ്മെന്റ് ന്യൂനപക്ഷ പദവി നേടുകയോ ന്യൂനപക്ഷ പദവിയോടെ പുതിയ സ്വാശ്രയ കോളേജുകൾ അനുവദിക്കുകയോ ചെയ്താൽ ഇന്ന് നാം പ്രതീക്ഷിക്കുന്ന മെറിറ്റ് ആനുകൂല്യങ്ങൾ എല്ലാം വൃഥാവിലാകും. ഈ പുതിയ സാഹചര്യത്തെ നേരിടാൻ ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ നിയമം അനുസരിച്ച് കോളേജുകൾക്ക് സംസ്ഥാന ഗവൺമെന്റുകൾ നൽകിയാലേ ന്യൂനപക്ഷ പദവി ആവുകയുള്ളൂ. ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞതുപോലെ കേരളത്തിൽ ന്യൂനപക്ഷ പദവി കൊടുത്തിട്ടുള്ളത് എം. ഇ. എസ്. കോളേജിനാണ്. ഏതെങ്കിലും കോളേജ് ഗവൺമെന്റിനോട് ന്യൂനപക്ഷ പദവി ചോദിക്കുകയാണെങ്കിൽ അതിന്റെ മാനദണ്ഡം ഗവൺമെന്റ് തീരുമാനിക്കും. തീരുമാനിച്ചശേഷമേ കൊടുക്കുകയുള്ളൂ. എന്തായിരിക്കണം മാനദണ്ഡം എന്നുള്ളത് ഗവൺമെന്റ് ചർച്ച ചെയ്ത് തീരുമാനിച്ച ശേഷമല്ലാതെ ആർക്കും ന്യൂനപക്ഷ പദവി കൊടുക്കുകയില്ല. കൊടുക്കേണ്ടതിന്റെ മാനദണ്ഡം ഉണ്ടാക്കേണ്ടിവരും. അതിൽ നിന്ന് ഒഴിഞ്ഞുമാറാനൊക്കുകയില്ല. അത് എങ്ങനെ വേണമെന്ന് വിശദമായ ചർച്ചക്ക് ശേഷമേ ചെയ്യുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുമ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചത് രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് ആയിരിക്കുമെന്നാണ്. ഈ പ്രഖ്യാപനം നിങ്ങൾക്ക് അഞ്ച് കൊല്ലം അവസരം കിട്ടിയിട്ടും ഇവിടെ നടപ്പാക്കാൻ പറ്റിയില്ല. ഇത്തരത്തിലുള്ള നിയമനിർമ്മാണത്തിനൊന്നും പോകാതെ അതു നടപ്പാക്കാൻ സാധി ക്കുമായിരുന്നു. മാനേജ്മെന്റുകളുടെ കയ്യിൽ നിന്ന് ഒരു ധാരണാപത്രം എഴുതി വാങ്ങി നടപ്പിലാക്കിയിരുന്നെങ്കിൽ ഇതു പറ്റുമായിരുന്നു. മാനേജുമെന്റുകളെ പൂർണ്ണമായി സഹായിച്ചശേഷം ഇവിടെ ഒരു നിയമമുണ്ടാക്കി. ഇപ്പോൾ സുപ്രീംകോടതിയുടെ രേണുഘടനാ ഭേദഗതി അനുസരിച്ചുകൊണ്ട് ഇവിടെ ഒരു നിയമം നിർമ്മിക്കാതെ, ഒരു ബിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കാതെ, എങ്ങനെയാണ് ഇത് നടപ്പിലാക്കാൻ കഴിയുക? അടുത്ത അധ്യയനവർഷം ജൂൺമാസം ആരംഭിക്കും. മേയ് മാസം ഇലക്ഷനാകും. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതുവരെ നടപ്പാക്കാതിരി ക്കാനും മാനേജ്മെന്റിന് അടുത്തവർഷം പൂർണ്ണമായും പ്രവേശനം നടത്താനുമുള്ള അവസരം കൊടുക്കാനുമല്ലേ ഈ നിയമനിർമ്മാണം നീട്ടിക്കൊണ്ടുപോകുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, നിയമനിർമ്മാണം നീട്ടുന്ന പ്രശ്നമില്ല. അതല്ല കാര്യം. നിയമനിർമ്മാണം ആകാം. ശ്രീ. കോടിയേരി ബാലകൃഷ്ണനടക്കം അറിയാവുന്ന ഒരു വസ്തുതയുണ്ട്. ഈ പ്രശനം മുഴുവൻ വന്നത് അങ്ങ് പറഞ്ഞ പോലെ മാനേജ്മെന്റിനെ സഹായിക്കാൻ വേണ്ടിയല്ല. ഇത് സംബന്ധിച്ച് മാറിമാറി കോട തികൾ വ്യത്യസ്തമായി വിധിപറഞ്ഞു. ഉണ്ണികൃഷ്ണൻ കേസ്, പിന്നെ ടി. എം. എ. പൈ കേസ്, ഇസ്ലാമിക് അക്കാഡമി കേസ്, ഇനാംദാർ കേസ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പാർട്ടിയടക്കം എല്ലാവരുടെയും പാർട്ടി ഡൽഹിയിൽ യോഗം ചേർന്ന് കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞു. അതിന് ആകെ പരിഹാരം എന്നു പറയുന്നത് കേന്ദ്ര നിയമമാണ്. സംയുക്തമായി എല്ലാ കക്ഷികളും പറഞ്ഞതാണ്. പക്ഷെ നിർഭാഗ്യവശാൽ നിയമം വന്നില്ല. ആരാണ് ഉത്തരവാദി? അതുകൊണ്ട് ഇനിയുള്ള മാർഗ്ഗമെന്നു പയുന്നത് സംസ്ഥാന ഗവൺമെന്റിന് ഓപ്ഷനുണ്ട്. നിയമുണ്ടാക്കാൻ പറ്റും. ഇനാംദാർ കേസിൽ ഒരു പ്രൊവിഷനുണ്ട്. അതിൽ പറഞ്ഞിട്ടുള്ളത് സംസ്ഥാനമോ കേന്ദ്ര ഗവൺമെന്റോ ഒരു നിയമമുണ്ടാക്കുന്ന തുവരെ ഞങ്ങളുടെ നിയമം നിലനിൽക്കും എന്നാണ്. അതുപ്രകാരം സംസ്ഥാന ഗവൺമെന്റിന് നിയമമുണ്ടാക്കാനുള്ള അവകാശമുണ്ട്. പക്ഷെ അതിപ്പോൾ പെട്ടന്ന് ചെയ്തു കൂടാ എന്നു മാത്രമേയുള്ളു. കാരണം സുപ്രീം കോടതിയിൽ നമ്മുടെ കേസ് ചോദ്യം ചെയ്തു നിൽക്കുന്ന സമയത്ത് അതെപ്പറ്റി ഒരു അഡൈസ് വ്യക്ത മായി കിട്ടാതെ നമ്മൾ ഒരു നിയമം കൊണ്ടു വന്നാൽ അത് നിലനിൽക്കില്ല. അതു കൊണ്ട് ഈ പ്രശ്നംകൂടി നോക്കിയിട്ട് ചെയ്യാം. ഇതിൽ റിസ്ക്ക് ഇല്ല. കാരണം

എന്താണെന്നുവെച്ചാൽ എൻട്രൻസ് എക്സാമിനേഷന്റെ പ്രോസ്പെക്ടസ് ഇറക്കിക്കഴിഞ്ഞു. എൻട്രൻസ് എക്സാമിനേഷന്റെ പ്രോസ്പെക്ടസ് നമ്മൾ ഇറക്കിയ പ്രകാരമുള്ള ടൈം ഷെഡ്യൂൾ വച്ചു നോക്കിയാൽ നമുക്ക് പേടിക്കാനില്ല. Date and time of entrance examination is on 24-4-2006 and declaration of results is on 15-5-2006 അപ്പോൾ നമ്മൾ പ്രോസ്പെക്ടസ് ഇറക്കി അപേക്ഷ വിളിച്ച് കാര്യങ്ങൾ നടത്തുകയാണ്. നമുക്ക് മിക്കവാറും ഈ സെഷനിൽത്തന്നെ പറ്റുമോ എന്ന് നോക്കാം. ഇതു സംബന്ധിച്ച ഒപ്പീനിയൻ ഒന്നുകൂടി ചോദിച്ചിട്ട് ഈ സെഷനിൽത്തന്നെ പറ്റുമെങ്കിൽ ചെയ്യാം. അതല്ലെങ്കിൽ ഇനിയും സമയമുണ്ട്. എൻട്രൻസ് എക്സാമിനേഷന്റെ പ്രോസ്പെക്ടസ് ഇറക്കിയതുകൊണ്ട് ഒരു റിസ്ക്കുമില്ല. സമയം നമ്മുടെ മുമ്പിലുണ്ട്. തീർച്ചയായും ഗവൺമെന്റ് ആദ്യമെടുത്ത സ്റ്റാന്റിൽതന്നെയാണ് നിൽക്കുന്നത്. പക്ഷെ അതിന് നിയമപരമായ സങ്കീർണ്ണത നോക്കാതെ എടുത്തുചാടി എന്തെങ്കിലും തീരുമാനമെടുത്താൽ അത് ചിലപ്പോൾ ഫലിച്ചു എന്നു വരില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഈ മാസം 24-ാം തീയതി കഴിയുന്ന ഈ സഭയ്ക്ക്, ഇനി കഴിയും എന്ന് പറയുന്നത് ആരെ വിശ്വസിപ്പിക്കാനാണ്? ബി. എ. സി. മീറ്റിംഗിൽ ഞങ്ങൾ പറഞ്ഞത്, മൂന്ന് ദിവസം ബാക്കിയുള്ളതിൽ നിങ്ങൾ വച്ച ഈ ബിൽ പരിഗണനയ്ക്ക് എടുക്കുകയാണെങ്കിൽ ഞങ്ങൾ പൂർണ്ണമായും സഹകരിക്കാം എന്നാണ്, നിങ്ങൾ ബിൽ പോലും തയ്യാറാക്കിയിട്ടില്ല. ഇപ്പോൾ നിയമമുണ്ടാക്കും എന്നത് യഥാർത്ഥത്തിൽ ആളുകളെ കബളിപ്പിക്കാൻ വേണ്ടി പറയുന്നതാണ്. നിങ്ങൾ നിയമം ഉണ്ടാക്കാൻ പോകുന്നില്ല. ഈ ഗവൺമെന്റ് ഇറങ്ങിപ്പോകുന്നതുവരെ നിയമം ഉണ്ടാക്കില്ല എന്ന് ഞാൻ ഉറപ്പ് പറയുന്നു. അത് നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> സർ, ഈ ഗവൺമെന്റ് നിയമം ഉണ്ടാക്കും. പക്ഷെ ഞാൻ അതിന്റെ വസ്തുത ഇവിടെ പറഞ്ഞു. ലീഗൽ ഒപ്പീനിയൻ കിട്ടിക്കഴിഞ്ഞാൽ, അതിന്റെ ഫൈനൽ സ്വഭാവത്തിൽ വന്ന ശേഷമല്ലാതെ എടുത്തുചാടി നിയമമുണ്ടാക്കിയാൽ നിയമം നിലനിൽക്കില്ല. അത്രയേ പറയുന്നുള്ളു. അതുകൊണ്ട് ഞങ്ങൾ ഒരിക്കൽക്കൂടി ഒപ്പീനിയൻ ചോദിക്കുകയാണ്. ഈ ഗവൺമെന്റ് തന്നെ ഈ പ്രതിസന്ധി പരിഹരിക്കും. പിന്നെ ഗവൺമെന്റ് എന്ന് പറഞ്ഞാൽ നിങ്ങൾ വിചാരിക്കുന്നപോലെ കണ്ടിന്യൂവസ് ബോഡിയാണ്. അതുകൊണ്ട് അങ്ങനെ ധരിക്കേണ്ട കാര്യമില്ല. ആ ചർച്ച ഇപ്പോൾ വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly